## <u>പതിമൂന്നാം കേരള നിയമസഭ</u>

## <u>പത്താം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3926** **31-01-2014 ലെ മറുപടിയ്ക്ക്**

### <u>കെ.എസ്.എഫ്.ഇ.- ൽ അസിസ്റ്റന്റ് തസ്തികയിൽ ബൈ ട്രാൻസ്ഫർ നിയമനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. എ. കെ.ബാലൻ :** | **ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) കെ.എസ്.എഫ്.ഇ.യിൽ അസിസ്റ്റൻറ് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനത്തിന് കമ്പ്യൂട്ടർ പരിജ്ഞാനം കൂടി യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ ;<br><br>ബി) കാറ്റഗറി നമ്പർ: 151/13 പ്രകാരം പി.എസ്.സി. അപേക്ഷ ക്ഷണിച്ച കെ.എസ്.എഫ്.ഇ.യിലെ അസിസ്റ്റൻറ് തസ്തികയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനം യോഗ്യതയിൽ ഉൾപ്പെടുത്തിയിരുന്നോ ; എങ്കിൽ ഇപ്രകാരം ഒരു യോഗ്യത ബൈ ട്രാൻസ്ഫർ നിയമനത്തിന് ഏർപ്പെടുത്തിയത് എന്തിനാണെന്ന് വ്യക്തമാക്കുമോ ; | എ) & ബി) നിശ്ചയിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ-യിലെ ഓഫീസ് അറ്റൻഡന്റു മാർക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ബൈ ട്രാൻസ്ഫർ പ്രൊമോഷൻ നൽകുന്നതിന് നിലവിലുള്ള ക്വാട്ടാ 5%-ൽ നിന്ന് 10% ആക്കി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കെ.എസ്.എഫ്.ഇ.-യിലെ ജൂനിയർ അസിസ്റ്റന്റു മാർക്ക് അധികയോഗ്യത നിശ്ചയിച്ചുകൊണ്ട് റിക്രൂട്ട് മെന്റ് റൂൾസ് (സ്പെഷ്യൽ റൂൾസ്) ഭേദഗതി ചെയ്യുന്ന തുമായി ബന്ധപ്പെട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 29-04-2008-ൽ നൽകിയ ഭേദഗതി നിർദ്ദേശം നടപ്പിലാക്കുന്നതിന് വിധേയമായിട്ടാണ് ഓഫീസ് അറ്റന്റന്റുമാർക്ക് നിലവിലുള്ള അനുപാതം 5%-ൽ നിന്ന് 10% ആയി ഉയർത്തി ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിന് കമ്മീഷൻ അനുമതി നൽകിയത്. ടി നിർദ്ദേശത്തിൽ സബോർഡിനേറ്റ് സ്റ്റാഫിൽ നിന്ന് ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമന ത്തിന് "ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ അല്ലെങ്കിൽ സർക്കാർ തത്തുല്യ യോഗ്യതയായി പ്രഖ്യാപിച്ചിട്ടുള്ള മറ്റ് യോഗ്യതകൾ" അധിക യോഗ്യ തയായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 26-04-2013-ലെ നിർദ്ദേശ പ്രകാരമാണ് ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് |

കാറ്റഗറി നമ്പർ 151/13 പ്രകാരം പി. എസ്സ്. സി. അപേക്ഷ ക്ഷണിച്ച കെ.എസ്.എഫ്.ഇ അസിസ്റ്റന്റ് തസ്തികയ്ക്ക് കംപ്യൂട്ടർ പരിജ്ഞാനം യോഗ്യതയിൽ ഉൾ പ്പെടുത്തിയിരുന്നില്ല.

സി) കെ.എസ്.എഫ്.ഇ.യിൽ അസിസ്റ്റൻറ് തസ്തികകളുടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ടോ ; പുതിയ ഉത്തരവ് എന്നു മുതലാണ് നിലവിൽ വരുന്നതെന്ന് വ്യക്തമാക്കുമോ ; പുതിയ ഉത്തരവ് നിലവിൽ വന്നിട്ടില്ലെങ്കിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ബൈട്രാൻസ്ഫർ നിയമനം നടത്താ ൻ നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കാമോ;

സി) സ്പെഷ്യൽ റൂൾസ് ഭേദഗതിചെയ്ത് ഉത്തരവായിട്ടില്ല. നിലവിൽ തസ്തികമാറ്റ പരീക്ഷ പാസ്സായി നിയമന ത്തിന് അർഹത നേടിയവരെ അധികയോഗ്യതയി ൽനിന്ന് ഒഴിവാക്കുന്ന വിഷയം പരിശോധിച്ചുവ രുന്നു.

ഡി) 2010-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച ബൈട്രാൻസ്ഫർ നിയമനത്തിനുള്ള റാങ്ക് പട്ടികയിൽ എത്ര പേരാണ് ഉൾപ്പെട്ടിരുന്നത് ; ഇവരിൽ എത്ര പേർക്ക് നിയമനം ലഭിച്ചു ; നിയമനം ലഭിച്ചവർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം യോഗ്യത ഉണ്ടായിരുന്നോ ; ഇനി എത്ര പേരാണ് റാങ്ക് പട്ടികയിൽ ഉള്ളത്. ; ഇവരുടെ നിയമനത്തിന് കമ്പ്യൂട്ടർ പർജ്ഞാനം അധിക യോഗ്യതയായി വേണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൻെറ കാരണമെന്താണ് ; വ്യക്തമാക്കാമോ ;

ഇ) അസിസ്റ്റൻറ് തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ മുഖേന നിയമനം നൽകാനുള്ള എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; പ്രസ്തുത ഒഴിവുകളിലേയ്ക്ക് 24.09.2013 ലെ 162/13-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിയമനം ലഭ്യമാക്കുമോ ; വ്യക്തമാക്കാമോ ?

ഡി) & ഇ) 116 പേർ. ഇവരിൽ 89 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ പരിജ്ഞാനം യോഗ്യതയായി ഉൾപ്പെടുത്തിയിരുന്നില്ല. ഇനി 26 പേർ റാങ്ക് പട്ടികയിൽ അവശേഷിയ്ക്കുന്നുണ്ട്. 24 -09-2013 ലെ ഉത്തര വിന് മുൻപ് തസ്തിക മാറ്റ പരീക്ഷ പാസ്സായി റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്നവരെ അധിക യോഗ്യത യിൽനിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. ബൈ ട്രാൻസ്ഫർ നിയമന ത്തിന്റെ യോഗ്യതയെ സംബന്ധിച്ച് അന്തിമ തീരു മാന മാകുന്ന മുറയ്ക്കു മാത്രമേ ഒഴിവുകളുടെ എണ്ണം കണക്കാക്കുവാനും ആയതിലേയ്ക്ക് നിയമനം നൽകുവാനും സാധിയ്ക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ